## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1893** | **05-07-2022 - ൽ മറുപടിയ്ക്ക്**

### മൃഗസംരക്ഷണ വകുപ്പിനു കീഴിലെ ഉല്പാദന മേഖല

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡാനന്തരം കേരളത്തിൽ ഏറെ സാദ്ധ്യതയുള്ള ഒരു മേഖലയായി മൃഗസംരക്ഷണം മാറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൃഗപരിപാലനരംഗത്തേയ്ക്ക് കൂടുതൽ പേർ കടന്നു വന്നിട്ടുണ്ട്. അതുമൂലം വളർത്തുമൃഗങ്ങളുടെയും ഓമനമൃഗങ്ങളുടെയും എണ്ണവും വർദ്ധിച്ചിട്ടുണ്ട്. കൂടാതെ കോവിഡ് പ്രതിസന്ധിമൂലം ജോലി നഷ്ടപ്പെട്ട് കേരളത്തിൽ തിരികെ എത്തിയ പ്രവാസികളിൽ നല്ലൊരുപങ്കും ക്ഷീരമേഖല ഒരു ഉപജീവന മാർഗ്ഗമായി കണ്ടെത്തുകയും തത്ഫലമായി ക്ഷീരോത്പാദനം ആനുപാതികമായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പാൽ, മുട്ട, ഇറച്ചി എന്നീ ഭക്ഷ്യോല്പന്നങ്ങളുടെ സംസ്ഥാന ഉപയോഗം എത്ര എന്നും സംസ്ഥാനത്തുള്ള ലഭ്യത എത്ര എന്നും എത്ര ശതമാനം ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കുന്നു എന്നും വ്യക്തമാക്കുമോ; | (ബി) | പ്ലാനിംഗ് ബോർഡിന്റെ കണക്ക് പ്രകാരം 2020-21 ൽ മുട്ടയുത്പാദനം 217.68 കോടി എണ്ണമാണ്. എന്നാൽ കേരളത്തിന്റെ ആവശ്യകത 533.91 കോടി മുട്ടകളായിരിക്കെ ഈ കുറവ് ഉള്ളതിനാൽ 234.92 കോടി മുട്ടകൾ ഇതര സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യേണ്ടി വന്നു.<br><br>കേരളത്തിന്റെ പാൽ ഉല്പാദനം പ്രതിവർഷം 25.34 ലക്ഷം മെട്രിക് ടൺ ആണ്. കേരളത്തിൽ മൊത്തം പാലിന്റെ ആവശ്യകത 33.37 ലക്ഷം മെട്രിക് ടൺ ആണ്. ഈ സാഹചര്യത്തിൽ, 2.51 ലക്ഷം മെട്രിക് ടൺ പാൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും എത്തുന്നു. എന്നാൽ ക്ഷീരസഹകരണ മേഖലയിൽ വിപണനത്തിനാവശ്യമായ മുഴുവൻ പാലും കേരളത്തിൽ നിന്നുതന്നെ സംഭരിക്കുവാൻ സാധിക്കുന്നുണ്ട്. 2020-21 വർഷത്തെ പ്ലാനിംഗ് ബോർഡിന്റെ കണക്ക് പ്രകാരം വർഷം തോറും ഇറച്ചിയുടെ ആവശ്യകത 4.94 ലക്ഷം മെട്രിക് ടൺ ആണെന്നിരിക്കേ കേരളത്തിന്റെ ലഭ്യത 4.48 ലക്ഷം മെട്രിക് ടൺ മാത്രമാണ്. ഈ സാഹചര്യത്തിൽ 0.14 മെട്രിക് ടൺ സംസ്കരിച്ച ഇറച്ചി ഇറക്കുമതി ചെയ്യേണ്ടി വന്നു. |
| (സി) | ഇതര സംസ്ഥാനങ്ങൾ ഉൾപ്പെടെ അന്താരാഷ്ട്ര | (സി) | ഓരോ വർഷവും 2.51 ലക്ഷം മെട്രിക് ടൺ പാൽ |

| | | | |
|---|---|---|---|
| | വിപണികളിൽ നിന്നും സംസ്ഥാനത്തെ വിപണിയിൽ ഒരു വർഷം എത്ര കോടി രൂപയുടെ പാൽ, മുട്ട, ഇറച്ചി ഉല്പന്നങ്ങളാണ് എത്തുന്നതെന്ന് വ്യക്തമാക്കുമോ; | | ആണ് കേരളത്തിലേക്ക് ഇതരസംസ്ഥാനങ്ങളിൽ നിന്നും എത്തിച്ചേരുന്നത്. ഏകദേശം 1129.5 കോടി രൂപയുടെ പാൽ ആണ് കേരളത്തിലേക്ക് എത്തുന്നത്. നിലവിൽ പ്രതിദിനം 2.35 കോടി മുട്ടയാണ് ഇതര സംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ സംസ്ഥാനത്തേയ്ക്ക് എത്തുന്നത്. ഓരോ വർഷവും 850 കോടിയോളം മുട്ടകൾ ഇതരസംസ്ഥാനങ്ങളിൽ നിന്നും എത്തുന്നു. ഏകദേശം 3400 കോടി രൂപയുടെ മുട്ടയാണ് ഇപ്രകാരം കേരളത്തിൽ എത്തുന്നത്. |
| (ഡി) | രാജ്യത്തെ പ്രധാന ഉപഭോഗ സംസ്ഥാനമായ കേരളത്തെ പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉല്പാദനമേഖലയിൽ സ്വയംപര്യാപ്തമാക്കാൻ വകുപ്പ് സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (ഡി) | പാൽ, മുട്ട,ഇറച്ചി എന്നിവയുടെ ഉൽപാദന മേഖലയിൽ സ്വയംപര്യാപ്തമാക്കാൻ മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ച് വരുന്ന പ്രധാന പ്രവർത്തനങ്ങളും പദ്ധതികളും ചുവടെ ചേർക്കുന്നു.<br><br>**<u>a) പ്രത്യേക കന്നു കുട്ടി പദ്ധതി</u>**<br><br>മികച്ച ഉത്പാദന ക്ഷമതയുള്ള പശുക്കളെ സൃഷ്ടിയ്ക്കാൻ കന്നുകുട്ടികളുടെ ശാസ്ത്രീയ പരിപാലനം ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് ഇത്. സബ്സിഡി നിരക്കിൽ പ്രസവം വരെ തീറ്റയും, ഇൻഷുറൻസ് പരിരക്ഷയും വെറ്ററിനറി സേവനവും നൽകി വരുന്നു. 12,500/- രൂപ ഒരു കന്നുകുട്ടിയ്ക്ക് സബ്സിഡി നൽകി വരുന്നു.<br><br>**<u>b)പോത്തു കുട്ടി വളർത്തൽ പദ്ധതി</u>**<br><br>മാംസാവശ്യത്തിലേയ്ക്കായി പോത്തുകുട്ടികളെ കർഷകർ വളർത്തി വിൽക്കുന്നു. ആയതിലേയ്ക്കായി 10000/- രൂപയുടെ സബ്സിഡി ഗുണഭോക്താവിന് നൽകുന്നു. കാള /പോത്തു കുട്ടി പദ്ധതിയ്ക്കായി 2022-23 സാമ്പത്തീക വർഷത്തിൽ 2.35കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br><br>**<u>c) മുട്ടക്കോഴി പരിപാലന പദ്ധതി</u>**<br><br>സംസ്ഥാന പൗൾട്ടി വികസന കോർപ്പറേഷൻ (കെപ്കോ) ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ വളർത്തുന്നതിനായി കോൺട്രാക്ട് ഫാമിംഗ് പദ്ധതി , വനിതാമിത്രം, കെപ്കോ ആശ്രയ, പട്ടിക വർഗ്ഗ വിഭാഗത്തിനായുള്ള കോഴി വളർത്തൽ പദ്ധതി ബ്ലോക്ക് പഞ്ചായത്ത് തല കോഴിവളർത്തൽ പദ്ധതി എന്നിവ നടപ്പിലാക്കുന്നു. കൂടാതെ, ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ചെറുകിട കോഴി വളർത്തൽ കർഷകർക്ക് കുടപ്പനക്കുന്ന് ഹാച്ചറിയിൽ നിന്നും മിതമായ നിരക്കിൽ നൽകി വരുന്നു.<br><br>**<u>ക്ഷീരവികസന വകുപ്പ്</u>** |

| | | | |
|---|---|---|---|
| | | | ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കിടാരി പാർക്ക്, ക്ഷീര ഗ്രാമം എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു. ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലാണ്.<br><br>**<u>മീറ്റ് പ്രോഡക്ടസ് ഓഫ് ഇന്ത്യ</u>**<br><br>പൊതുമേഖലാ സ്ഥാപനമായ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ ഇടയാറിൽ പ്രവർത്തിക്കുന്ന സ്ളോട്ടർ ഹൗസിൽ പ്രതിദിനം ഒരു ഷിഫ്റ്റിൽ 400 മൃഗങ്ങളെ കശാപ്പുചെയ്യാനും 26 മെട്രിക്ക് ടൺ ഇറച്ചി ഉൽപ്പാദിപ്പിക്കുന്നതിനും കഴിയും. എം.പി.ഐ.-യുടെ മീറ്റ് പ്രോസ്സസ്സിങ്ങ് പ്ലാന്റിൽ നിന്നും പ്രതിദിനം ഒന്നര മെട്രിക് ടൺ ഇറച്ചി ഉൽപന്നങ്ങൾ സംസ്കരിച്ചുവരുന്നു. മൂല്യവർദ്ധിത ഇറച്ചി ഉൽപന്നങ്ങളായ സോസേജ്, കട്‌ലറ്റ്, കബാബ്, നഗട്ട്സ്, മീറ്റ്ബോൾ, പച്ചക്കറികൾ കൂടി മിക്സ് ചെയ്ത ഉൽപന്നങ്ങൾ എന്നിവ ഉൽപാദിപ്പിക്കാനുമുള്ള ഒരു മൂല്യവർദ്ധിത ഇറച്ചി ഉൽപന്ന ഫാക്ടറി കൊല്ലം ജില്ലയിൽ ഏരൂർ പഞ്ചായത്തിലെ വിളക്കുപാറയിൽ പണി പൂർത്തിയായിട്ടുണ്ട്.<br><br>ഇറച്ചി ഉത്പാദനത്തിൽ സ്വയംപര്യാപ്തമാക്കുന്നതിനായി ചാലക്കുടിയിൽ കിടാരികളെ വളർത്തിയെടുക്കാനുള്ള കാള/പോത്ത് വളർത്തൽ കേന്ദ്രം, അത്യാധുനിക രീതിയിലുള്ള സ്ലോട്ടർ ഹൗസ്, ആട്ടുമാട്ടുകളെ ഇറച്ചി ആവശ്യത്തിനായി വളർത്തിയെടുക്കുന്നതിനുള്ള ആട് ഗ്രാമം / പോത്ത് ഗ്രാമം എന്നീ പദ്ധതികളും എം.പി.ഐ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ